# ജില്ലാ ബാങ്ക് വാർത്ത

കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

പുസ്തകം ഒന്ന് | ലക്കം രണ്ട് | ജൂലായ് 2012


## ബാങ്ക് വായ്പ: ദുഷ്പ്രചാരണങ്ങൾ വായ്പയെടുത്ത കുടുംബങ്ങളെ ദുരിതത്തിലാക്കും

**ബാങ്ക്** വായ്പയുമായി ബന്ധപ്പെട്ട് ചില സംഘടനകൾ നടത്തുന്ന ദുഷ്പ്രചരണങ്ങളെ ജനങ്ങൾ തിരിച്ചറിയണമെന്ന് കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ബാങ്ക് വായ്പ - വിനിയോഗവും തിരിച്ചടവും എന്ന വിഷയത്തിൽ ചീമേനിയിൽ സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെട്ടു. ദുഷ്പ്രചരണങ്ങളിൽപ്പെട്ട് വായ്പ തിരിച്ചടക്കുന്നതിൽ വീഴ്ച്ചവരുത്തുന്നവർ കൂടുതൽ ദുരിതത്തിലാകുമെന്നും ബാങ്ക് വായ്പയുടെ തിരിച്ചടവ് മുടങ്ങുന്നത് സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കിംഗ് മേഖലയുടെ തകർച്ചക്ക് വഴിയൊരുക്കുമെന്നും സെമിനാറിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.

വായ്പ എഴുതി തള്ളുമെന്ന രീതിയിലുള്ള പ്രചാരണങ്ങൾ അടിസ്ഥാന രഹിതമാണെന്നും കാർഷിക വായ്പ എടുത്ത് കൃത്യമായി തിരിച്ചടക്കുന്നവർക്ക് പലിശ ഇളവ് അനുവദിക്കുന്ന സംവിധാനമാണ് നിലവിലുള്ളതെന്നും സെമിനാറിൽ ക്ലാസെടുത്ത നബാർഡ് എ.ജി.എം എൻ ഗോപാലൻ പറഞ്ഞു. കഴിഞ്ഞ കുറേ വർഷങ്ങളായി കേന്ദ്ര-സംസ്ഥാന സർക്കാറുകൾ വായ്പാ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്. യാഥാർത്ഥ്യം മനസ്സിലാക്കാതെ വായ്പ തിരിച്ചടവിൽ കുടിശ്ശിക വരുത്തുന്നവർക്ക് സർക്കാർ പ്രഖ്യാപിക്കുന്ന പലിശ ഇളവ് ലഭിക്കില്ല. കൂടാതെ പിഴപ്പലിശ ഉൾപ്പടെ കൂടുതൽ തുക തിരിച്ചടക്കേണ്ടതായും വരും. കിസാൻ ക്രെഡിറ്റ് കാർഡ് ഉപയോഗം, ബാങ്കുകൾ നടപ്പിലാക്കുന്ന മറ്റു വികസന പദ്ധതികൾ, ബാങ്കുകൾ നില നിൽക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയവ സംബന്ധിച്ചും എ.ജി.എം വിശദീകരിച്ചു. സാധാരണക്കാരുടെ ഏക ആശ്രയമായ സഹകരണ ബാങ്കുകളെ തകർക്കുന്നത് കൊള്ളപ്പലിശക്കാരുടെ തിരിച്ചുവരവിന് കാരണമാകുമെന്ന് ക്ലാസെടുത്ത ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ അഭിപ്രായപ്പെട്ടു.

നബാർഡിന്റെ ധനസഹായത്തോടെ ജില്ലാ ബാങ്കിൽ പ്രവർത്തനം ആരംഭിച്ച ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ്) ആഭിമുഖ്യത്തിൽ ജില്ലയിലുടനീളം സംഘടിപ്പിക്കുന്ന പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ചീമേനി വ്യാപാര ഭവനിൽ ഏകദിന സെമിനാറും പൊതുസമ്മേളനവും സംഘടിപ്പിച്ചത്. സെമിനാറിൽ ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ചീമേനി ശാഖാ മാനേജർ കെ ടി ശിവദാസൻ സ്വാഗതവും അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ നന്ദിയും പറഞ്ഞു.



*ജില്ലാ സഹകരണ ബാങ്കിലെ ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ ചീമേനി വ്യാപാര ഭവനിൽ സംഘടിപ്പിച്ച പൊതുസമ്മേളനം കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു*

തുടർന്ന് നടന്ന പൊതുസമ്മേളനം കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷതവഹിച്ചു. ഗ്രാമ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ യു. രാഘവൻ, വാർഡ് മെമ്പർ കെ ശ്രീജ, കരിമ്പിൽ കൃഷ്ണൻ, കെ പി വത്സലൻ, കെ പി ജനാർദ്ധനൻ, പി രാമചന്ദ്രൻ മാസ്റ്റർ, കെ ബാലൻ പ്രസംഗിച്ചു. ജില്ലാ സഹകരണ ബാങ്ക് റീജ്യണൽ മാനേജർ കെ എം നാരായണൻ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു.

## നുണപ്രചാരണങ്ങൾ അവസാനിപ്പിക്കണം

പണ്ഡിറ്റ് ജവഹർ ലാൽ നെഹ്റു പറഞ്ഞതുപോലെ നമ്മുടെ ഗ്രാമങ്ങളിലെ മൂന്ന് ദേവാലയങ്ങളിൽ ഒന്നാണ് സഹകരണ ബാങ്കുകൾ. സാധാരണക്കാരനെ വട്ടിപ്പലിശക്കാരന്റെയും ജൻമികളുടേയും ചൂഷണങ്ങളിൽ നിന്ന് രക്ഷപ്പെടുത്തിയത് ഈ നാട്ടിലെ സഹകരണ ബാങ്കുകളാണ്. എന്നാൽ ഇന്ന് വായ്പ തിരിച്ചടക്കേണ്ടതില്ലെന്നും കടങ്ങൾ എഴുതി തള്ളാൻ പോകുന്നുവെന്നുമുള്ള നുണപ്രചാരണങ്ങൾ നടത്തി ചില സംഘടനകൾ സഹകരണ ബാങ്കുകൾ ഉൾക്കൊള്ളുന്ന ബാങ്കിംഗ് മേഖലയെ തകർക്കാൻ ശ്രമിക്കുകയാണ്. ജില്ലയിലെ സഹകാരികൾ ഒട്ടേറെ ത്യാഗങ്ങൾ സഹിച്ച് വളർത്തിയെടുത്ത സഹകരണ ബാങ്കിംഗ് മേഖലയെ തകർക്കാൻ ഒരു കടലാസ് സംഘടനയേയും അനുവദിക്കരുത്.

പാവപ്പെട്ടവരെ സാമ്പത്തികമായി ചൂഷണം ചെയ്യുന്ന സംഘടനകളെ കൊള്ളപ്പലിശക്കാരുടെ ഏജൻസികളായേ ജില്ലയിലെ സഹകകാരികൾക്കും സഹകരണ മേഖലയിലെ ജീവനക്കാർക്കും കർഷകർക്കും കാണാൻ കഴിയൂ. നുണപ്രചാരണങ്ങൾ നടത്തി കാസർഗോഡ് ജില്ലയിലെ കർഷകരേയും മറ്റ് ഇടപാടുകാരേയും ചൂഷണം ചെയ്യുന്ന സംഘടനകൾ ഇത്തരം പ്രവർത്തനങ്ങൾ ഉടൻ അവസാനിപ്പിക്കേണ്ടതാണ്.

വായ്പക്കാരെ ഇതര ഏജൻസികളുടെ ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കേണ്ടത് സഹകരണ സ്ഥാപനങ്ങളുടെ കടമയാണ്. ആയതിനാൽ ദുഷ്പ്രചാരകർക്കെതിരെ ജില്ലാ സഹകരണ ബാങ്കിന്റെയും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുടേയും നേതൃത്വത്തിൽ നടത്തുന്ന പ്രചാരണങ്ങൾക്ക് സഹകരണ മേഖലയെ സ്നേഹിക്കുന്ന ഏവരുടേയും പിന്തുണ ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

**മാനേജിംഗ് എഡിറ്റർ**
എ അനിൽ കുമാർ
ജനറൽ മനേജർ

**ചീഫ് എഡിറ്റർ**
സി ബാലകൃഷ്ണൻ

**എഡിറ്റർ**
സി സഹദ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ മോഹനൻ
കെ അനീഷ്

## വായ്പാ വിനിയോഗവും തിരിച്ചടവും; വഴികാട്ടിയായി ജില്ലാ ബാങ്ക് സെമിനാർ



*ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിങ് സെന്ററിന്റെ നേതൃത്വത്തിൽ പരപ്പയിൽ സംഘടിപ്പിച്ച ഏകദിന സെമിനാറിൽ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ലക്ഷ്മണൻ പ്രസംഗിക്കുന്നു.*

വായ്പാ വിനിയോഗത്തെക്കുറിച്ചും തിരിച്ചടവിനെക്കുറിച്ചും വ്യക്തമായ അറിവില്ലാത്തതിന്റെ പേരിൽ ദുരിതമനുഭവിക്കുന്നവർക്ക് കൈത്താങ്ങാവുകയാണ് കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തനം ആരംഭിച്ച ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്റർ. സെന്ററിന്റെ നേതൃത്വത്തിൽ ബാങ്ക് വായ്പ - വിനിയോഗവും തിരിച്ചടവും എന്ന വിഷയത്തിൽ പരപ്പ ജി.എച്ച്.എസ്.എസിൽ സംഘടിപ്പിച്ച ഏകദിന സെമിനാർ കർഷകർക്ക് വഴികാട്ടിയായിമാറി.

ബാങ്ക് വായ്പ ശരിയായ രീതിയിൽ ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം, വായ്പാതുക തീരാബാധ്യതയായി മാറാതിരിക്കാനുള്ള മാർഗങ്ങൾ, കുടിശ്ശികയായ വായ്പകൾ അടച്ചു തീർക്കേണ്ടതിന്റെ ആവശ്യകത, വായ്പാ കുടിശ്ശിക പിരിച്ചെടുക്കാൻ ബാങ്കുകൾ സ്വീകരിക്കുന്ന നിയമനടപടികൾ, കിസാൻ ക്രെഡിറ്റ് കാർഡിന്റെ ഉപയോഗം, ബാങ്കുകൾ നൽകുന്ന വിവിധതരം വായ്പകൾ, സഹകരണ മേഖലയുടെ പ്രാധാന്യം തുടങ്ങിയ കാര്യങ്ങൾ സെമിനാറിൽ ചർച്ചയായി. വായ്പാ തിരിച്ചടവിനെ നിരുത്സാഹപ്പെടുത്തുന്ന സംഘടനകളെ ഒറ്റപ്പെടുത്തേണ്ടത് നാടിന്റെ നിലനിൽപ്പിന് അത്യാവശ്യമാണെന്ന് പരിപാടിയിൽ പങ്കെടുത്ത ഫാർമേഴ്സ് ക്ലബ്ബ് അംഗങ്ങൾ ഉൾപ്പടെയുള്ളവർ അഭിപ്രായപ്പെട്ടു. കിസാൻ ക്രെഡിറ്റ് കാർഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, ബാങ്കുകൾ നൽകുന്ന വായ്പാ ഇളവുകൾ തുടങ്ങിയവയെക്കുറിച്ചുള്ള ഇടപാടുകാരുടെ ചോദ്യങ്ങൾക്ക് വിദഗ്ധർ മറുപടി നൽകി.

സെമിനാർ നബാർഡ് എ.ജി.എം എൻ. ഗോപാലൻ ഉദ്ഘാടനം ചെയ്തു. കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ലക്ഷ്മണൻ അധ്യക്ഷതവഹിച്ചു. വട്ടിപ്പലിശക്കാരന്റേയും ജൻമികളുടേയും പീഢനങ്ങളിൽ നിന്ന് നമ്മുടെ നാടിനെ രക്ഷിച്ചത് സഹകരണ ബാങ്കുകളാണെന്നും അവ എന്നും നിലനിൽക്കേണ്ടതുണ്ടെന്നും അദ്ധേഹം പറഞ്ഞു. വാർഡ് മെമ്പർ സി എം ഇബ്രാഹിം, ജോർജ് മുത്തോലി, വി ബാലകൃഷ്ണൻ, പാറക്കോൽ രാജൻ എന്നിവർ പ്രസംഗിച്ചു. ലീഡ് ഡിസ്ട്രിക്ട് മാനേജർ അജിത്കുമാർ മേനോൻ, ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽ കുമാർ എന്നിവർ ക്ലാസെടുത്തു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും പരപ്പ ശാഖാ മാനേജർ ബി മാധവൻ നന്ദിയും പറഞ്ഞു.

# കുഞ്ഞിരാമൻ നായർക്കും ചൂരിക്കാടൻ തമ്പാനും സ്നേഹനിർഭരമായ യാത്രയയപ്പ്

ദീർഘകാലത്തെ സർവ്വീസിന് ശേഷം വിരമിക്കുന്ന കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലെ റീജ്യണൽ മാനേജരായ പി കുഞ്ഞിരാമൻ നായർക്കും മാനേജരായ ചൂരിക്കാടൻ തമ്പാനും ജില്ലാ ബാങ്ക് ജീവനക്കാരുടെ നേതൃത്വത്തിൽ സ്നേഹനിർഭരമായ യാത്രയയപ്പ് നൽകി.

ജില്ലാ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉപഹാരം നൽകി. ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണൻ അധ്യക്ഷത വഹിച്ചു. സെയിൽ ഓഫീസർ യു സുധാകരൻ, കാസറഗോഡ് സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി പി വിജയൻ, റീജ്യണൽ മാനേജർ എം പദ്മാക്ഷൻ, കെ ശ്രീധരൻ, പി ദാമോദരൻ, സി സഹദ്, സി ഷിബു, എ ജയശ്രീ, ബി വിജയൻ, കെ മോഹനൻ എന്നിവർ സംസാരിച്ചു. പി കുഞ്ഞിരാമൻ നായരും സി തമ്പാനും മറുപടി പ്രസംഗം നടത്തി. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും പി എ ടു പ്രസിഡന്റ് വി കൃഷ്ണൻ നന്ദിയും പറഞ്ഞു.

1985 ഏപ്രിൽ 23ന് കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/ കാഷ്യർ ആയി ജോലിയിൽ പ്രവേശിച്ച കുഞ്ഞിരാമൻ നായർ 1986ൽ കാസർഗോഡ് ജില്ലാ ബാങ്ക് ആരംഭിച്ചതോടെ കാസർഗോഡ് ജില്ലാ ബാങ്കിലേക്ക് മാറുകയായിരുന്നു. മാനേജരായും സീനിയർമാനേജരായും റീജ്യണൽ മാനേജരായും ജോലി ചെയ്ത അദ്ദേഹം 27 വർഷത്തെ സേവനത്തിന് ശേഷമാണ് വിരമിക്കുന്നത്. കാറഡുക്ക പാനൂർ കൊച്ചി വീട്ടിൽ പരേതരായ ഉക്കോമൻ നായരുടെയും പാർവ്വതി അമ്മയുടേയും മകനാണ്. നായൻമാർമൂല ടി.ഐ.എച്ച്.എസ്.എസിലെ അധ്യപികയായ ശ്രീലതയാണ് ഭാര്യ. അധ്യാപകാനായ പ്രവീൺകുമാർ, എം.ടെക് വിദ്യാർത്ഥിനിയായ പ്രസീത, മനു പ്രസാദ് എന്നിവർ മക്കളാണ്.



*സർവ്വീസിൽ നിന്നും വിരമിച്ച റീജ്യണൽ മാനേജർ പി കുഞ്ഞിരാമൻ നായരും മാനേജർ സി തമ്പാനും*

1989 മെയ് 12 ന് ടൈപ്പിസ്റ്റായി ജോലിയിൽ പ്രവേശിച്ച ചൂരിക്കാടൻ തമ്പാൻ 23 വർഷത്തെ സേവനത്തിന് ശേഷമാണ് പിരിയുന്നത്. നിലവിൽ ചിറ്ററിക്കാൽ ശാഖാ മാനേജരായി ജോലി ചെയ്തു വരികയായിരുന്നു. മണ്ഡപം കമ്മാടം ചൂരിക്കാട്ടു വീട്ടിൽ പരേതരായ മേലത്ത് അമ്പു നായരുടേയും കല്യാണി അമ്മയുടേയും മകനാണ്. നിർമ്മലയാണ് ഭാര്യ. ബി.എസ്.സി ബിരുദധാരിയായ നിത്യ സി.ടി, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയായ നിതിൻ കുമാർ സി ടി എന്നിവർ മക്കളാണ്.

# വൈവിധ്യമാർന്ന പദ്ധതികൾ; മാതൃകയായി കരിന്തളം ഫാർമേഴ്സ് ക്ലബ്ബ്

**ആട്** ഗ്രാമം പദ്ധതി, മുട്ടക്കോഴി വളർത്തൽ, പശുവളർത്തൽ, കരനെൽകൃഷി, പുഷ്പകൃഷി, മത്സ്യകൃഷി ... വൈവിധ്യമാർന്ന നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി എല്ലാവർക്കും മാതൃകയാവുകയാണ് കരിന്തളം ഫാർമേഴ്സ് ക്ലബ്ബ്. കരിന്തളം സർവ്വീസ് സഹകരണ ബാങ്കിനു കീഴിൽ 2011 ൽ പ്രവർത്തനം ആരംഭിച്ച ക്ലബ്ബ് ചുരുങ്ങിയകാലത്തിനുള്ളിൽ കടന്നുചെല്ലാത്ത മേഖലകളില്ല.

ബാങ്കിനു കീഴിൽ പ്രവർത്തിക്കുന്ന 60 സ്വയം സഹായ സംഘങ്ങളുടെ സംയുക്തവേദിയായാണ് കരിന്തളം ഫാർമേഴ്സ് ക്ലബ്ബ് രൂപീകരിച്ചത്. കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ മൂന്ന് പഠന യാത്രകളും ആറ് പരിശീലന ക്ലാസുകളും ഉൾപ്പെടെ മുപ്പതിലധികം പരിപാടികൾ കർഷകർക്കായി സംഘടിപ്പിച്ചു. മുട്ടക്കോഴി വളർത്തൽ, അലങ്കാരക്കോഴി വളർത്തൽ, കറവ പശുവളർത്തൽ, ആട് വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയവയും കരനെൽ, കപ്പ, വാഴ കൃഷികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും ബാങ്ക് ഫാർമേഴ്സ് ക്ലബ്ബ് വഴി നടപ്പിലാക്കിവരുന്നു. ആട് ഗ്രാമം പദ്ധതിപ്രകാരം ഇതിനകം 150 ഓളം ആടുകളെ വിതരണം ചെയ്തു. ഹോട്ടൽ, ഓയിൽ ആന്റ് ഫ്ളോർമിൽ, റബ്ബർ നഴ്സറി എന്നിവ നടത്തുന്ന സ്വയം സഹായസംഘങ്ങളുമുണ്ട്. അതോടൊപ്പം ആരോഗ്യ-ശുചിത്വ ക്ലാസുകൾ, നീന്തൽ- വോളിബോൾ പരിശീലനക്ലാസുകൾ തുടങ്ങിയവയും നടത്തിവരുന്നു.



*കരിന്തളം ഫാർമേഴ്സ് ക്ലബ്ബിന്റെ കീഴിലുള്ള സമൃദ്ധ സ്വയം സഹായ സംഘത്തിന്റെ ഹോട്ടൽ പി കരുണാകരൻ എം.പി ഉദ്ഘാടനം ചെയ്യുന്നു.*

പ്രതിദിനം 1200 ലിറ്റർ പാൽ മിൽമക്ക് നൽകുന്നുവെന്നതും ഏറെ ശ്രദ്ധേയമാണ്. മൊത്തം നിക്ഷേപമായ 125 ലക്ഷത്തിന് സമാനമായ വായ്പ സ്വയംസഹായ സംഘങ്ങൾ നൽകിയിട്ടുണ്ട്. ഫാർമേഴ്സ് ക്ലബ്ബിന്റെ രൂപീകരണം മുതൽ നാനാവിധ പദ്ധതികൾക്കും മേൽനോട്ടം വഹിക്കുന്നത് കരിന്തളം സർവ്വീസ് സഹകരണ ബാങ്കാണ്. 5000 എ ക്ലാസ് അംഗങ്ങളും 25 കോടി രൂപാ പ്രവർത്തന മൂലധനവും 16 കോടി നിക്ഷേപവും 20 കോടി വായ്പയുമുള്ള ബാങ്ക് ഫാർമേഴ്സ് ക്ലബ്ബ് മുഖേനെ പ്രദേശത്തിന്റെ മുഖം മിനുക്കുകയാണ്.

# തേജസ്വിനി ഫാർമേഴ്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു

**കാ**സർഗോഡ് ജില്ലാ സഹകരണ ബാങ്ക് നീലേശ്വരം ശാഖയുടെ കീഴിൽ നബാർഡിന്റെ സഹകരണത്തോടെ രൂപീകരിച്ച തേജസ്വിനി ഫാർമേഴ്സ് ക്ലബ്ബ് നീലേശ്വരം നഗരസഭാ ചെയർപേഴ്സൺ വി ഗൗരി ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ അനക്സ് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷത വഹിച്ചു. നബാർഡ് എ.ജി.എം എൻ ഗോപാലൻ മുഖ്യാതിഥിയായി. നഗരസഭ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാരായ കെ കാർത്ത്യായനി, ടി വി ശാന്ത, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പി വി സുരേഷ് ബാബു, കൗൺസിലർമാരായ പി നളിനി, കെ ജാനു, വി വി ഗോപാലൻ, എം സത്യൻ, കെ വി അമ്പാടി , നീലേശ്വരം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് കെ ആർ കണ്ണൻ, നീലേശ്വരം അഗ്രികൾച്ചറിസ്റ്റ് വെൽഫയർ സൊസൈറ്റി പ്രസിഡന്റ് കെ പി രവീന്ദ്രൻ, കൃഷി ഓഫീസർ പി വി ആർജിത, പി.എ ടു പ്രസിഡന്റ് വി



*ജില്ലാ സഹകരണ ബാങ്ക് നീലേശ്വരം ശാഖയുടെ കീഴിൽ രൂപീകരിച്ച തേജസ്വിനി ഫാർമേഴ്സ് ക്ലബ്ബ് നീലേശ്വരം നഗരസഭാ ചെയർപേഴ്സൺ വി ഗൗരി ഉദ്ഘാടനം ചെയ്യുന്നു.*

കൃഷ്ണൻ, ഇബ്രാഹിം പറമ്പത്ത്, വി വി ബാലകൃഷ്ണൻ, റീജ്യണൽ മാനേജർ കെ എം നാരായണൻ, സീനിയർ മാനേജർ സി വി ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. സെമിനാറിൽ പ്രധാന വിളകളിലെ രോഗകീട നിയന്ത്രണം എന്ന വിഷയത്തിൽ ഡോ. ശ്രീകുമാർ ക്ലാസെടുത്തു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ സ്വാഗതവും ഫാർമേഴ്സ് ക്ലബ്ബ് ജോയിന്റ് സെക്രട്ടറി വി വി അമ്പാടി നന്ദിയും പറഞ്ഞു.

## കിസാൻ ക്രെഡിറ്റ് കാർഡ്; സവിശേഷതകൾ പകർന്ന് സെമിനാർ

**പ**രിഷ്കരിച്ച കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ സവിശേഷതകൾ ഇടപാടുകാരിലെത്തിക്കുന്നതിന്റെ മുന്നോടിയായി പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലെ സെക്രട്ടറിമാർക്കായി ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിങ് സെന്ററിന്റെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചു.

ഹോസ്ദുർഗ് താലൂക്കിലെ സർവ്വീസ് ബാങ്കുകളിലെ സെക്രട്ടറിമാർക്കായി ഹോസ്ദുർഗ് സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ നടന്ന സെമിനാർ നബാർഡ് എ.ജി.എം എൻ ഗോപാലൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷതവഹിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സംസാരിച്ചു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ ക്ലാസെടുത്തു. സൂപ്രണ്ട് കെ കെ രാജൻ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു.

കാസർഗോഡ് താലൂക്കിലെ സർവ്വീസ് ബാങ്കുകളിലെ സെക്രട്ടറിമാർക്കായി ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്ന സെമിനാർ നബാർഡ് എ.ജി.എം എൻ ഗോപാലൻ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ജനറൽ മാനേജർ എൻ കുഞ്ഞികൃഷ്ണൻ അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റർ പി മുഹമ്മദ് ബഷീർ, ജനറൽ മാനേജർ എ അനിൽകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് എന്നിവർ സംസാരിച്ചു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ ക്ലാസെടുത്തു. സൂപ്രണ്ട് കെ കെ രാജൻ സ്വാഗതവും ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

## ജില്ലാ ബാങ്ക് ന്യൂസ് ലെറ്റർ പ്രകാശനം ചെയ്തു

**കാ**സർഗോഡ് ജില്ലാ സഹകരണ ബാങ്ക് നടപ്പിലാക്കുന്ന വികസന പദ്ധതികളും പരിപാടികളും ഇടപാടുകാരിൽ എത്തിക്കുന്നതിന്റെ ഭാഗമായി പുറത്തിറക്കിയ ന്യൂസ് ലെറ്റർ പ്രകാശനം ചെയ്തു. ചീമേനി വ്യാപാരഭവനിൽ നടന്ന ചടങ്ങിൽ കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം. ബാലകൃഷ്ണൻ പ്രകാശനം നിർവ്വഹിച്ചു. ആദ്യകോപ്പി കരിമ്പിൽ കൃഷ്ണൻ ഏറ്റുവാങ്ങി. കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷതവഹിച്ചു.

നബാർഡ് എ.ജി.എം എൻ ഗോപാലൻ, കയ്യൂർ-ചീമേനി ഗ്രാമ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ യു.രാഘവൻ, വാർഡ് മെമ്പർ കെ ശ്രീജ, കെ പി വത്സലൻ, കെ പി ജനാർദ്ധനൻ, പി രാമചന്ദ്രൻ മാസ്റ്റർ, കെ ബാലൻ, ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ, റീജ്യണൽ മാനേജർ കെ എം നാരായണൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് എന്നിവർ പങ്കെടുത്തു.

നബാർഡിന്റെ ധനസഹായത്തോടെ ജില്ലാ സഹകരണ ബാങ്കും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും നടപ്പിലാക്കുന്ന പദ്ധതികൾ, ജില്ലാ ബാങ്കിലെ ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെയും (കൈത്താങ്ങ്) വനിതാ വികസന സെല്ലിന്റെയും പ്രവർത്തനങ്ങൾ തുടങ്ങിയവ ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തും.

ന്യൂസ് ലെറ്ററുമായി ബന്ധപ്പെട്ട നിങ്ങളുടെ വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക. വിലാസം- മാനേജിംഗ് എഡിറ്റർ, ജില്ലാ ബാങ്ക് വാർത്ത, കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്, നായക്സ് റോഡ്, കാസർഗോഡ്. ഫോൺ- 04994- 219808 ഇ-മെയിൽ gmkdcb@gmail.com.

Edited, Printed & Published by General Manager, Kasaragod District Co-Operative Bank Ltd. Phone- 04994-220118, 230118.